III. ഇ.ബി./XII-കേരള നിയമസഭ/II-19.

# പന്ത്രണ്ടാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## **2006 ഒക്ടോബർ 19, വ്യാഴം**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം (*631, *632, * 633 & *634) സഭയിൽ ഉന്നയിക്കപ്പെടുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

II. ശ്രദ്ധ ക്ഷണിക്കൽ

(1) തിരുവനന്തപുരം നഗരത്തിൽ അനുഭവപ്പെടുന്നതായി പറയപ്പെടുന്ന ഗതാഗതപ്രശ്നം പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. എം. എ. വാഹീദ് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) ശബരി റെയിൽപാതയുടെ സർവ്വേ നടപടികളിൽ ഉള്ളതായി പറയപ്പെടുന്ന അപാകതകളിലേയ്ക്ക് ശ്രീ.പി.സി.ജോർജ് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജന ക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## III. സബ്മിഷൻ

(1) കൃഷി വകുപ്പിൽ മാനദണ്ഡം പാലിക്കാതെ നടന്ന സ്ഥലം മാറ്റം സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(2) തൃശ്ശൂർ സീതാറാം മില്ലിന്റെ നവീകരണം സംബന്ധിച്ച് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(3) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് ശ്രീ.വി. സുരേന്ദ്രൻപിള്ള ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) ചിറയിൻകീഴ് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.ആനത്തലവട്ടം ആനന്ദൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) വടകര ആയഞ്ചേരി പഞ്ചായത്തിൽപ്പെട്ട തത്തങ്ങാട് പള്ളിക്ക് നേരെ നടന്ന ആക്രമണം സംബന്ധിച്ച് ശ്രീ.സി.ടി. അഹമ്മദ് അലി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) ഷൊർണ്ണൂർ–നിലമ്പൂർ–നഞ്ചൻകോട് റെയിൽപാത നിർമ്മാണം സംബന്ധിച്ച് ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) കാട്ടാക്കട ക്രിസ്റ്റ്യൻ കോളേജിലും പരിസരപ്രദേശങ്ങളിലും ക്രമസമാധാനനില ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.ജി.

കാർത്തികേയൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) കാനറാ ബാങ്ക് കൊല്ലത്ത് പെൻഷൻ സെൽ സ്ഥാപിച്ചതുമൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ.എ.എ. അസീസ് ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി

(9) വാനില കർഷകർ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് ശ്രീ.സി.കെ.പി. പത്മനാഭൻ ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(10) അഴീക്കോട് മണ്ഡലത്തിലെ മാട്ടൂർ–മടക്കര പാലത്തിന്റെ പണി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് ശ്രീ.എം.പ്രകാശൻ മാസ്റ്റർ ഉന്നയിച്ച സബ്മിഷന് മരാമത്തു വകുപ്പുമന്ത്രി മറുപടി നൽകി.

(11) മലപ്പുറം ജില്ലയിലെ അരീക്കോട് ഐ.ടി.ഐ. ഒന്നാം ഗ്രേഡാക്കി ഉയർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.പി.കെ. അബ്ദുറബ്ബ് ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(12) കർഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള ഭൂവുടമ വിഹിതം പിരിച്ചെടുക്കുന്നത് കാര്യക്ഷമമാക്കേണ്ടത് സംബന്ധിച്ച് ശ്രീ.എൻ. രാജൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(13) കർഷകർക്ക് സൗജന്യ നിരക്കിൽ വൈദ്യുതി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.കെ. അച്ചുതൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(14) കൈത്തറി നെയ്ത്ത് വ്യവസായം നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ശ്രീ.എൻ. അനിരുദ്ധൻ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(15) പുനലൂർ പേപ്പർ മിൽ തുറന്ന് പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.കെ. രാജു ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(16) കോവളം മണ്ഡലത്തിൽ ചിക്കുൻ ഗുനിയ ബാധിതർക്ക് ധനസഹായവും സൗജന്യറേഷനും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച്

ശ്രീ. ജോർജ്ജ് മേഴ്സിയർ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(17) മുഖാരി–മൂവാരി സമുദായത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.കെ. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(18) പെരുവണ്ണാൻ സമുദായത്തിൽപ്പെട്ടവർക്കും അനന്തരാവകാശികൾക്കും പട്ടികജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടത് സംബന്ധിച്ച് ശ്രീ. പള്ളിപ്രം ബാലൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(19) അഞ്ചേക്കറിൽ താഴെയുള്ള ഭൂവുടമസ്ഥരായ കർഷകർക്ക് മരംമുറിക്കാനുള്ള അവകാശം പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച് ശ്രീ.പി. കൃഷ്ണപ്രസാദ് ഉന്നയിച്ച സബ്മിഷന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി നൽകി.

(20) നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്ക് കാക്കനാട്ടനിന്നുള്ള സീപോർട്ട്–എയർപോർട്ട് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നത് സംബന്ധിച്ച് ശ്രീ.എ.എം. യൂസഫ് ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(21) കടുത്തുരുത്തി മണ്ഡലത്തിൽപ്പെട്ട ബാബു, നോബിൾ മാത്യൂ എന്നിവർ ദുരൂഹസാഹചര്യത്തിൽ മരിക്കാനിടയായതിനെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(22) ചെല്ലാനം തീരദേശത്ത് കടൽഭിത്തി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.സി.എം. ദിനേശ് മണി ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യൂവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(23) തിരുവനന്തപുരത്തു നിന്നും ഡൽഹിയിലേയ്ക്കുള്ള മില്ലേനിയം, സുവർണ്ണജയന്തി എക്സ്പ്രസ് ട്രെയിനുകൾ നിർത്തലാക്കുന്നത് സംബ

സ്ഥിച്ച് ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(24) ചെങ്ങന്നൂർ ഐ.ടി.ഐ. യുടെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ.പി.സി. വിഷ്ണുനാഥ് ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(25) കുന്നംകുളത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.ബാബു എം. പാലിശ്ശേരി ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(26) കോഴിക്കോട് ജില്ലയിലെ പൊയിൽക്കാവിലെ ജ്വാലാ ലൈബ്രറി നശിപ്പിച്ചത് സംബന്ധിച്ച് ശ്രീ.പി. വിശ്വൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

## IV. മേശപ്പുറത്ത് വച്ച കടലാസ്സുകൾ

'സപ്ലൈകോ' യിൽ നടന്ന അഴിമതികളെക്കുറിച്ച് അന്വേഷിച്ച ജസ്റ്റീസ് മുരളീധരൻ കമ്മിഷൻ റിപ്പോർട്ടിനേയും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളേയും സംബന്ധിച്ച മെമ്മോറാണ്ടവും ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി ശ്രീ.സി. ദിവാകരൻ മേശപ്പുറത്ത് വച്ചു.

## V. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

സപ്ലൈകോയിൽ നടന്ന അഴിമതിയെക്കുറിച്ച് അന്വേഷിച്ച ജസ്റ്റീസ് മുരളീധരൻ കമ്മിഷൻ റിപ്പോർട്ടിനേയും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളേയും സംബന്ധിച്ച് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി ശ്രീ.സി. ദിവാകരൻ നിയമസഭാ നടപടി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

VI. റിപ്പോർട്ട് സമർപ്പണം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്ന് മുതൽ മൂന്ന്വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

VII. ധനകാര്യം

2006-2007 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

VIII. നിയമനിർമ്മാണകാര്യം

**<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2006-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2006-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും നിയമവും പാർലമെന്ററീകാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

സർവ്വശ്രീ. ആര്യാടൻ മുഹമ്മദ്, കെ.സി. വേണുഗോപാൽ, കെ.കുട്ടി അഹമ്മദ് കുട്ടി, പ്രൊഫ.എൻ. ജയരാജ് എന്നീ അംഗങ്ങൾ ബില്ലിനെതിരെ വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് സംസാരിച്ചു.

ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി പ്രൊഫ.കെ.വി.തോമസും ബിൽ വീണ്ടും അതേ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്ററും അവതരിപ്പിച്ചു.

ധനകാര്യ വകുപ്പുമന്ത്രി ഭേദഗതികൾക്ക് മറുപടി പറയുകയും ഭേദഗതികൾ സഭ നിരാകരിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കുകയും ചെയ്തു.

ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും അംഗങ്ങൾ അവതരിപ്പിച്ച ചില ഭേദഗതികളും സഭ അംഗീകരിക്കുകയും മറ്റുള്ള ഭേദഗതികൾ സഭ നിരാകരിക്കുകയും ചെയ്തു.

2006–ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

ബിൽ പാസ്സാക്കണമെന്ന പ്രമേയം 31–നെതിരെ 64 വോട്ടുകളോടെ സഭ അംഗീകരിക്കുകയും ബിൽ പാസ്സാക്കുകയും ചെയ്തു.

## IX. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപങ്ങൾ

### (1) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെ ക്കുറിച്ച് പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി ഒരു സമിതിയെ നിയോഗിക്കേണ്ടത് സംബന്ധിച്ച് സഭ ചർച്ചചെയ്യണമെന്ന ഉപക്ഷേപം

"റോഡപകടങ്ങൾമൂലം മരണമടയുന്നവരുടേയും അംഗവൈകല്യം സംഭവിക്കുന്നവരുടേയും എണ്ണത്തിൽ കേരളം മുൻപന്തിയിലാണ്. ദിനംതോറും വർദ്ധിച്ചുവരുന്ന ഇത്തരം അതീവ ഗുരുതരമായ അപകടങ്ങളുടെ കാരണങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ

നിർദ്ദേശിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കേണ്ടതിന്റെയും പ്രസ്തുത സമിതിയുടെ ശുപാർശകൾ നടപ്പിലാക്കേണ്ടതിന്റെയും ആവശ്യകത ചർച്ചചെയ്യണം" എന്ന ഉപക്ഷേപം ശ്രീ.ജി. കാർത്തികേയൻ അവതരിപ്പിച്ചു..

ഉപക്ഷേപത്തിന്മേലുള്ള ചർച്ചയിൽ താഴെപ്പറയുന്ന അംഗങ്ങൾ പങ്കെടുത്ത് സംസാരിച്ചു:

(1) ശ്രീ. കെ.കെ. ദിവാകരൻ
(2) ശ്രീ. പി.കെ. അബ്ദുറബ്ബ്
(3) ശ്രീ. ബാബു പോൾ
(4) ശ്രീ. ജോസ് തെറ്റയിൽ
(5) ശ്രീ. മോൻസ് ജോസഫ്
(6) പ്രൊഫ. എൻ. ജയരാജ്
(7) ശ്രീ. എ.എ. അസീസ്
(8) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(9) ശ്രീ. സി.എച്ച്. കുഞ്ഞമ്പു
(10) ശ്രീ. സി.പി. മുഹമ്മദ്

ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്ക് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

ശ്രീ.സി.എച്ച്. കുഞ്ഞമ്പു റൂൾ 275 അനുസരിച്ച് താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചു.

"റോഡപകടങ്ങൾമൂലം മരണമടയുന്നവരുടെയും അംഗവൈകല്യം സംഭവിക്കുന്നവരുടെയും എണ്ണത്തിൽ കേരളം മുൻപന്തിയിലാണ്. ദിനം തോറും വർദ്ധിച്ചുവരുന്ന ഇത്തരം അതീവ ഗുരുതരമായ അപകടങ്ങളുടെ കാരണങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും

ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനുമായി റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിക്കണമെന്ന് ഈ സഭ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു."

ശ്രീ.എ.എ. അസീസ് ഉപക്ഷേപത്തെ പിന്താങ്ങി.

ഉപക്ഷേപത്തിന് ശ്രീ.ജി. കാർത്തികേയൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിച്ചു.

"ശ്രീ.സി.എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച ഉപക്ഷേപത്തിൽ 'നടപടികൾ' എന്നതിനുശേഷം 'ആറുമാസത്തിനുള്ളിൽ' എന്ന് കൂട്ടിച്ചേർക്കുക."

ശ്രീ.ജി. കാർത്തികേയൻ അവതരിപ്പിച്ച ഭേദഗതി സ്വീകാര്യമാണെന്നും ഉപക്ഷേപത്തിന്റെ അന്തസ്സത്ത ഗവൺമെന്റ് ഉൾക്കൊള്ളുന്നുവെന്നും ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി സഭയെ അറിയിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ശ്രീ.സി.എച്ച്. കുഞ്ഞമ്പുവിന്റെ ഉപക്ഷേപം സഭ അംഗീകരിച്ചു.

**(2) കേന്ദ്രസർക്കാരിന്റെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിലെ മറ്റ് ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതു സംബന്ധിച്ച് സഭ ചർച്ചചെയ്യണമെന്ന ഉപക്ഷേപം**

"കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ നടപ്പാക്കാൻ അനുമതി നൽകിയ വയനാട്, പാലക്കാട് എന്നീ ജില്ലകൾക്കുപുറമേ, കാർഷിക പ്രതിസന്ധി കണക്കിലെടുത്ത് മറ്റ് ജില്ലകളിൽക്കൂടി നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്ന കാര്യം ചർച്ചചെയ്യണം" എന്ന ഉപക്ഷേപം ശ്രീ.പി. ജയരാജൻ അവതരിപ്പിച്ചു.

ഉപക്ഷേപത്തിന്മേലുള്ള ചർച്ചയിൽ താഴെപ്പറയുന്ന അംഗങ്ങൾ പങ്കെടുത്തു:

(1) ശ്രീ. എം. ഉമ്മർ
(2) ശ്രീ. സി.കെ.പി. പത്മനാഭൻ
(3) ശ്രീ. സി.എഫ്.തോമസ്
(4) ശ്രീ. ജോസ് തെറ്റയിൽ
(5) ശ്രീ.വി. സുരേന്ദ്രൻപിള്ള
(6) ശ്രീ. വി.എസ്. സുനിൽകുമാർ
(7) ശ്രീ. എ.എ. അസീസ്
(8) ശ്രീ. പി.എം.എ. സലാം
(9) ശ്രീ. വി. ചെന്താമരാക്ഷൻ
(10) ശ്രീ. പി.സി. വിഷ്ണുനാഥ്

ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

ശ്രീ.കെ.സി. ജോസഫ് റൂൾ 275 അനുസരിച്ച് താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചു.

"തൊഴിലില്ലായ്മമൂലവും മറ്റും സംസ്ഥാനത്തെ ജനങ്ങൾ കഷ്ടപ്പെടുന്ന സാഹചര്യവും ഏകദേശം 25 ലക്ഷത്തോളം ആളുകൾ സംസ്ഥാന ഗവൺമെൻറിന്റെ വിലയിരുത്തൽ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെ യുണ്ടെന്ന സ്ഥിതിവിശേഷവും കണക്കിലെടുത്ത് കേന്ദ്രസർക്കാരിന്റെ തൊഴി ലുറപ്പ് പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ നട പടി സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു."

ശ്രീ.ജി. കാർത്തികേയൻ ഉപക്ഷേപത്തെ പിന്താങ്ങി.

ശ്രീ.സി.കെ.പി. പത്മനാഭൻ റൂൾ 275 അനുസരിച്ച് താഴെപ്പറയുന്ന ഉപ ക്ഷേപം അവതരിപ്പിച്ചു.

"കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരള ത്തിൽ നടപ്പിലാക്കാൻ അനുമതി നൽകിയ വയനാട്, പാലക്കാട് ജില്ലകൾക്ക് പുറമെ സംസ്ഥാനത്തെമ്പാടുമുണ്ടായ കാർഷിക പ്രതിസന്ധി കണക്കിലെ ടുത്ത് മറ്റ് ജില്ലകളിൽക്കൂടി നടപ്പാക്കുന്നതിന് അനുമതി നൽകണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

ശ്രീ.വി. ചെന്താമരാക്ഷൻ ഉപക്ഷേപത്തെ പിന്താങ്ങി.

ശ്രീ.കെ.സി. ജോസഫ് അവതരിപ്പിച്ച ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ.സി.കെ.പി. പത്മനാഭൻ അവതരിപ്പിച്ച ഉപക്ഷേപം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു. .

2006 ഒക്ടോബർ മാസം 25-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.34-ന് പിരിഞ്ഞു.

...........................